# പതിനാലാം കേരളം നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2861** **18.8.2017 ൽ മറുപടിയ്ക്ക്**

## സീറോലാന്റ് ലെസ് പദ്ധതി

ചോദ്യം — മറുപടി

ശ്രീ എം രാജഗോപാലൻ — ശ്രീ ഇ ചന്ദ്രശേഖരൻ

(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ | സീറോ ലാൻഡ് ലെസ് പദ്ധതി പ്രകാരം ഹോസ്ദുർഗ്, വെള്ളരിക്കുണ്ട് താലൂക്കുകളിൽപ്പെട്ട തൃക്കരിപ്പൂർ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ താമസിക്കുന്നവർക്ക് ഭൂമി ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇത് പ്രകാരം എത്ര പേർക്ക് ഭൂമി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | 1408 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അർഹരായ 846 ഗുണഭോക്താക്കൾക്ക് നാളിതു വരെ ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്. |
| ബി | ഇവർക്ക് നൽകിയ ഭൂമി ഏതു തരത്തിലാണെന്നും ഏതൊക്കെ വില്ലേജുകളിലാണെന്നും വ്യക്തമാക്കാമോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കൾക്ക് കാസർഗോഡ് ജില്ലയിൽ സർക്കാർ തരിശു ഭൂമിയാണ് അനുവദിച്ചിട്ടുള്ളത്. തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ പേരോൽ, കയ്യൂർ, ചീമേനി, ചെറുവത്തൂർ, പരപ്പ,ഭീമനടി, ചിത്താരിക്കൽ, പീലിക്കോട് കൊടക്കാട് വില്ലേജുകളിലെ ഭൂമിയാണ് അർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ളത്. |
| സി | സീറോ ലാൻഡ് ലെസ് പദ്ധതിയിൽ ലഭിച്ച അപേക്ഷകളിൽ ഇത് വരെ തീർപ്പ കല്പിക്കാത്ത എത്ര അപേക്ഷകളുണ്ട് ? വ്യക്തമാക്കാമോ ? | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഇതുവരെ 2,91,757 അപേക്ഷകൾ ലഭിച്ചിരുന്നു. വ്യക്തമായ അന്വേഷണത്തിലൂടെ 2,43,928 കുടുംബങ്ങളെ ഗുണഭോക്താക്കളായി തിരഞ്ഞെടുത്തിട്ടുണ്ട്. ആയതിൽ 54,398 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്. ശേഷിച്ച 1,89,530 പേരുടെ അപേക്ഷകൾ തീർപ്പുകല്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ